# Deepika

## 23 July 2018

## Heavy rain, Rainy season disaster



കീച്ചേരി തൊണ്ടിലങ്ങാടി-പൊയ്യാറ്റിത്താഴം റോഡ് വെള്ളക്കെട്ടിനെത്തുടർന്ന് തകർന്ന നിലയിൽ .

# വെള്ളക്കെട്ട്: കീച്ചേരി തൊണ്ടിലങ്ങാടി-പൊയ്യാറ്റിത്താഴം റോഡ് തകരുന്നു

**ആമ്പല്ലൂർ:** കീച്ചേരി തൊണ്ടിലങ്ങാടി-പൊയ്യാറ്റിത്താഴം റോഡ് ചിറപ്പുറം ഭാഗം വെള്ളം കയറിയതിനെത്തുടർന്ന് ടാറിംഗ് ഇളകി തകരുന്നു.

കഴിഞ്ഞ മഴയിൽ രണ്ടാഴ്ചയോളം വെള്ളത്തിനടിയിലായിരുന്നു ഇവിടം. ചെറിയ ഒരു മഴയിൽ പോലും ഇവിടെ വെള്ളക്കെട്ട് രൂപപ്പെടാറുണ്ട്. റോഡും പാടവും ഒരേ നിരപ്പിലായിരിക്കുകയാണ്.

സമീപത്തുള്ള പുരയിടങ്ങളിൽ നിന്നുമുള്ള വെള്ളം ഒഴുകിയിറങ്ങുന്നതും റോഡിലേക്കാണ്. റോഡിൽ കുഴികൾ രൂപപ്പെട്ടുകഴിഞ്ഞു. സ്കൂൾ ബസുകളടക്കം നിരവധി വാഹനങ്ങൾ സഞ്ചരിക്കുന്ന റോഡ് ഉയർത്തി ടാറിംഗ് നടത്തേണ്ടതുണ്ടെന്നാണ് പരിസരവാസികൾ പറയുന്നത്. ഇതിനടുത്തുള്ള മണ്ണാറവേലി ഭാഗം അടുത്തിടെ ഉയർത്തി ടാറിംഗ് നടത്തിയിരുന്നു.

അതേത്തുടർന്ന് ആ ഭാഗത്തുണ്ടായിരുന്ന വെള്ളക്കെട്ടിന് ശമനമായിട്ടുണ്ട്.